## അനുബന്ധം I

### 1. ശ്രീ. പി. പി. ചിത്തരഞ്ജൻ എം.എൽ.എ. ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ മേശപ്പുറത്തുവച്ച മറുപടി

കേന്ദ്ര ഖനി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ 2023 ഫെബ്രുവരി 9-ന് നൽകിയ നോട്ടിഫിക്കേഷൻ പ്രകാരം ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്പ്മെന്റ് & റെഗുലേഷൻ) ആക്റ്റ് - 2002 (OAMDR Act) ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നതായി കേന്ദ്ര സർക്കാർ അറിയിക്കുകയും പൊതുജനങ്ങൾക്കും സംസ്ഥാന സർക്കാരുകൾക്കും ഭേദഗതിയെക്കുറിച്ച് അഭിപ്രായം അറിയിക്കുന്നതിന് 2023 മാർച്ച് 11 വരെ സമയം അനുവദിക്കുകയും ചെയ്തിരുന്നു. പ്രധാനമായും കടൽ തട്ടിൽ ഖനനം നടത്തുന്നതിന് അനുമതി നൽകാനാണ് കരട് ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിൽ ഒരു ദശലക്ഷത്തിലധികം (10,49,574) ആളുകൾക്ക് ജീവസന്ധാരണ മാർഗ്ഗം പ്രദാനം ചെയ്യുന്ന മേഖലയാണ് മത്സ്യമേഖല, ഈ മേഖലയിൽ 2.4 ലക്ഷം മത്സ്യത്തൊഴിലാളികൾ സജീവമായി ജോലി ചെയ്തുവരുന്നു. ഇതിനുപുറമേ അനുബന്ധ മേഖലയിലും ദ്വിതീയ മേഖലയിലുമായി (Secondary sector) ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. കടൽ തട്ടിൽ ഖനനം നടത്തുന്നത്

കേരളത്തിലെ മത്സ്യമേഖലയെയും മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണത്തെയും ഗുരുതരമായി ബാധിക്കുന്നതാണ്. ഭേദഗതി സംബന്ധിച്ച് സ്റ്റേറ്റ് ലെവൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ യോഗം ചേർന്ന് വിലയിരുത്തുകയും കൗൺസിലിന്റെകൂടി അഭിപ്രായത്തിന്റെ വെളിച്ചത്തിൽ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള തീരുമാനം ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

കടൽ തട്ടിൽ ഖനനം നടത്തുന്നതിന് അനുമതി നൽകുന്നതുമൂലമുണ്ടാകുമെന്ന് കരുതുന്ന പ്രധാനപ്പെട്ട ഭവിഷ്യത്തുകൾ ചുവടെ പറയുന്നു.

1. കടലിന്റെ അടിത്തട്ടിൽ ടെറിട്ടോറിയൽ മേഖല, പ്രത്യേക സാമ്പത്തിക മേഖല (Exclusive Economic Zone), ആഴക്കടൽ മേഖല എന്നിവിടങ്ങളിൽ ധാതുഖനനത്തിന് അനുമതി നൽകാനാണ് കേന്ദ്ര സർക്കാർ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. ഈ പ്രദേശത്തുള്ള കടൽ ഖനനം നമ്മുടെ നാട്ടിലെ കടൽ, കായൽ മത്സ്യബന്ധന മേഖലയെ ഗുരുതരമായി ബാധിക്കും.

2. മത്സ്യത്തൊഴിലാളികൾ സമൂഹത്തിൽ സാമ്പത്തികമായും സാമൂഹ്യമായും ഏറ്റവും പിന്നിൽ നിൽക്കുന്ന ജനവിഭാഗമാണ്.

മത്സ്യബന്ധന മേഖലയുടെ നാശം സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണ മാർഗ്ഗത്തെ പ്രതികൂലമായി ബാധിക്കും.

3. അടിത്തട്ടിലെ ധാതു ഖനനം കടൽ ജലം കലങ്ങുന്നതിന് കാരണമാകുന്നു.ഇത് കടലിലെ പ്രകാശിത മേഖലയുടെ (*കടലിലെ ജലത്തിൽ പ്രകാശ രശ്മികൾ എത്തിച്ചേരുന്ന ആഴ പ്രദേശം*) ശോഷണത്തിന് ഹേതുവാകുന്നു. പ്രകാശിത മേഖല (പ്രകാശ സംശ്ലേഷണ മേഖല)-യുടെ ശോഷണം കടലിലെ പ്രകാശ സംശ്ലേഷണത്തിന്റെ തോത് (*പ്രാഥമിക ഉൽപ്പാദനം*) ഗണ്യമായി കുറയുവാൻ കാരണമാകുന്നു. കടലിലെ പ്രാഥമിക ഉൽപ്പാദനമാണ് മത്സ്യങ്ങൾ ഉൾപ്പെടെയുള്ള സകല ജന്തുജാലങ്ങളുടെയും നിലനിൽപ്പിനുള്ള ആധാരം. അതിനാൽ കടൽ വെള്ളം കലങ്ങുന്നതുമൂലം മത്സ്യ ലഭ്യത നന്നേ കുറയുന്നു.

4. ഖനനം കടലിലെ നിശ്ചിത പ്രദേശത്ത് കേന്ദ്രീകരിച്ചാൽപോലും നീരൊഴുക്ക് കാരണം 'കലക്കം' നൂറുകണക്കിന് കിലോമീറ്റർ ദൂരത്ത് എത്തിച്ചേരുകയും പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും ചെയ്യും.

5. കടലിന്റെ അടിത്തട്ടിലെ ഖനനം അടിത്തട്ടിൽ വസിക്കുന്ന ചെമ്മീൻ ഉൾപ്പെടെയുള്ള മത്സ്യങ്ങളുടെ നേരിട്ടുള്ള നാശത്തിന് ഹേതുവാകുന്നു.

6. ധാതു ഖനനം മത്സ്യങ്ങൾക്ക് പുറമേ കടലിന്റെ അടിത്തട്ടിൽ ജീവിക്കുന്ന പവിഴപ്പുറ്റുകൾ, സ്പോഞ്ചുകൾ തുടങ്ങിയ നൂറുകണക്കിന് ജീവികളുടെ ആവാസവ്യവസ്ഥ നശിക്കുന്നതിനും ജീവികളുടെ നേരിട്ടുള്ള നാശത്തിനും കാരണമാകുന്നു. കടലിലെ "പവിഴപ്പുറ്റ് ആവാസവ്യവസ്ഥ" നൂറുകണക്കിന് വർഷങ്ങൾകൊണ്ട് സൃഷ്ടിക്കപ്പെടുന്നതാണ് എന്നതാണ് ശാസ്ത്രമതം. അവയെ പുനഃസൃഷ്ടിക്കാൻ നൂറുകണക്കിന് വർഷങ്ങൾ വേണ്ടിവരും.

7. കടലിലെ ഖനനം നിരന്തരമായ ശബ്ദത്തിനും വെളിച്ചത്തിനും ഇടയാക്കുന്നു. നിരന്തരമായ മനുഷ്യസാന്നിധ്യം, നിരന്തര ശബ്ദം, വെളിച്ചം എന്നിവ കാരണം പ്രസ്തുത പ്രദേശത്തുനിന്ന് മത്സ്യങ്ങൾ കൂട്ടത്തോടെ ഒഴിഞ്ഞുപോകുന്നതിന് കാരണമാകും.

8. ധാതു ഖനനം കടലിന്റെ അടിത്തട്ടിൽ അധിശോഷണാവസ്ഥയിൽ അടിഞ്ഞുകൂടിയ വിഷവാതകങ്ങളെ സ്വതന്ത്രമാക്കുന്നതിന് ഇടയാക്കുന്നു. ഇത് കടൽ ജലത്തിന്റെ മലിനീകരണത്തിനും അതുമൂലം മത്സ്യങ്ങൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ വ്യാപകമായ നാശത്തിനും കാരണമാകും.

9. കടൽ വെള്ളത്തിന്റെ ഉയർന്ന തോതിലുള്ള കലക്കം (turbidity)

മത്സ്യങ്ങളുടെ ചെകിളപ്പൂക്കളുടെ clogging-ന് കാരണമാകും. ഇത് മത്തി, അയല തുടങ്ങിയ ഫിൽറ്റർ ഫീഡിംഗ് മത്സ്യങ്ങളുടെ കൂട്ടത്തോടെയുള്ള നാശത്തിന് ഇടയാകും.

10.കടൽ ജലത്തിന്റെ 'കലക്കൽ' അഴിമുഖ പ്രദേശത്തും കായലിലും പുഴകളിലും എത്തിച്ചേരുകയും ഉൾനാടൻ മത്സ്യസമ്പത്തിന്റെ നാശത്തിന് ഹേതുവാകുകയും ചെയ്യും.

11.ഇന്ത്യൻ ഭരണഘടന പ്രകാരം ടെറിട്ടോറിയൽ പ്രദേശത്തെ മത്സ്യബന്ധനം സംസ്ഥാന വിഷയമാണ് (Article 246, Schedule 7). കടൽ ഖനനം ഈ മേഖലയുടെ മത്സ്യബന്ധനത്തെ നേരിട്ട് ബാധിക്കുന്നു. സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലെ മത്സ്യബന്ധനത്തെ നേരിട്ട് ബാധിക്കുന്ന വിഷയത്തിൽ തീരുമാനം എടുക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിനാണ്.

12. ഏറെ സാമ്പത്തിക മുതൽമുടക്കും സാങ്കേതിക പിൻബലവും ആവശ്യമുള്ള മേഖലയാണ് കടൽ ഖനനം. തീർച്ചയായും വൻകിട കുത്തക കമ്പനികളായിരിക്കും ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നത്. വൻകിട കമ്പനികളുടെ ലാഭത്തിനായി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണ മാർഗ്ഗവും സാധാരണ ജനങ്ങളുടെ

പോഷക സ്രോതസ്സും ഇല്ലാതാകുന്നത് തീരപ്രദേശത്ത് അരക്ഷിതാവസ്ഥയ്ക്ക് കാരണമാകുമെന്ന കാര്യത്തിൽ സംശയമില്ല.

## 2. ശ്രീ. മോൻസ് ജോസഫ് എം.എൽ.എ. ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) മേശപ്പുറത്തുവച്ച മറുപടി

റബ്ബറിന്റെ വിലയിടിവ് റബ്ബർ കർഷകരെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ " Make In India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരവധിതവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നടപടി ഉണ്ടായിട്ടില്ല. ഇന്ത്യയിലേയ്ക്ക് ചണ്ടി റബ്ബർ (Cup Lump Rubber) ഇറക്കുമതി ചെയ്യുന്നതിന് നിലവിലുള്ള നിരോധനം തുടരണമെന്ന് കേന്ദ്ര കോമേഴ്സ് & ഇൻഡസ്ട്രി മന്ത്രാലയത്തോട് നിരവധി തവണ അഭ്യർത്ഥിച്ചിട്ടുണ്ട്. ദേശീയതലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റു നിർമ്മാണ പ്രവൃത്തികളിൽ റബ്ബർ വുഡിന്റെയും റബ്ബർ അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഉപയോഗം

പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിൽ 2020-21-ൽ 2019-20-നേക്കാൾ റബ്ബർ കൃഷിയുടെ വിസ്തീർണത്തിലും ഉൽപ്പാദനത്തിലും യഥാക്രമം 0.06 ശതമാനവും 2.62 ശതമാനവും കുറവുവന്നിട്ടുണ്ട്. 2021-22-ലെ കണക്കുകൾ പ്രകാരം കേരളത്തിലെ റബ്ബർ വിസ്തൃതി മുൻവർഷത്തേക്കാളും 650 ഹെക്ടർ കുറഞ്ഞ് 5.5 ലക്ഷം ഹെക്ടറായി എങ്കിലും ഉൽപ്പാദനക്ഷമത ഹെക്ടറിന് 1534 കിലോഗ്രാമിൽ (2020-21) നിന്നും ഹെക്ടറിന് 1565 കിലോഗ്രാമായി വർദ്ധിച്ചത് നിമിത്തം ആകെ ഉൽപ്പാദനം 5.19 ലക്ഷം ടണ്ണിൽനിന്നും 5.566 ലക്ഷം ടണ്ണായി വർദ്ധിച്ചു.

റബ്ബർ കർഷകരെ സഹായിക്കാൻ 2015-16 മുതൽ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പാക്കിവരുന്നു. കൃഷി വകുപ്പിന്റെ പദ്ധതിയേതര (Non Plan) വിഹിതത്തിൽനിന്നും തുക കണ്ടെത്തിയാണ് കേരള സർക്കാർ പദ്ധതി നടപ്പിലാക്കുന്നത്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 രൂപയെന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈയിനത്തിൽ 2021-22 വർഷത്തിൽ 50 കോടി രൂപ അനുവദിച്ചു. പ്രസ്തുത പദ്ധതിയുടെ 7 ഘട്ടങ്ങൾ

ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത റബ്ബർ കർഷകർക്ക് 30-11-2022 വരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ അനുമതി നൽകിക്കൊണ്ട് സർക്കാർ 01-07-2022 മുതൽ 30-06-2023 വരെയുള്ള 8-ാം ഘട്ടം നടപ്പിലാക്കിവരുന്നു. 2022-23 വർഷം 500 കോടി രൂപയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനായി സർക്കാർ വകയിരുത്തിയിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷം 16-02-2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33.195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സ്വാഭാവികമായ റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ഇക്കാര്യത്തിനായി വ്യവസായ വകുപ്പിനുകീഴിൽ റബ്ബർ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി 'CIAL Model'-ൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ സംസ്ഥാന സർക്കാർ രൂപം നൽകുകയും പ്രസ്തുത കമ്പനി 2021-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

റബ്ബറിന്റെ താങ്ങുവില ഉയർത്തുന്നതിന് കേന്ദ്ര സഹായം ആവശ്യമാണ്. കേന്ദ്ര സർക്കാരിന് ലഭിക്കുന്ന ഇറക്കുമതി ചുങ്കത്തിൽനിന്നും

സംസ്ഥാനങ്ങളുടെ ഉൽപ്പാദനം കണക്കാക്കി ആനുപാതികമായ തുക വില സ്ഥിരത ഫണ്ടിലേക്ക് ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട് കൂടാതെ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന കുറഞ്ഞ താങ്ങുവില പദ്ധതിയിൽ റബ്ബർ, ഏലം, കുരുമുളക്, കാപ്പി തുടങ്ങിയ വിളകളെക്കൂടി ഉൾപ്പെടുത്തുവാനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തെ ഗുരുതര പ്രതിസന്ധിയിലാഴ്ത്തിയ മഹാപ്രളയം കാർഷിക മേഖലയിലുണ്ടാക്കിയ ആഘാതം വളരെ വലുതാണ്. ഇതിൽനിന്നും കര കയറുന്നതിനായി ശ്രമിക്കുന്നതിനിടെ വന്ന കോവിഡ്-19 മഹാമാരി കാർഷിക ഉൽപ്പാദന വിപണന മേഖലയിൽ കർഷകർക്ക് വളരെയേറെ തടസ്സങ്ങൾ സൃഷ്ടിച്ചു. ഇവമൂലമുണ്ടായ പ്രതിസന്ധികൾ കാര്യക്ഷമമായി തരണം ചെയ്തത് കൃഷി വകുപ്പ് സമയോചിതമായി ഇടപെട്ടുകൊണ്ടും വളരെ ഉചിതമായ പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയതു കൊണ്ടുമാണ്. സാമ്പത്തിക അവലോകന റിപ്പോർട്ട് 2022 പ്രകാരം കേരളത്തിന്റെ കാർഷിക മേഖലയുടെ വളർച്ച 2020-21 0.24 ആയിരുന്നത് 2021-22-ൽ 4.69 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ഇതേ കാലഘട്ടത്തിൽ അഖിലേന്ത്യ തലത്തിലെ വളർച്ച 3.3 ശതമാനത്തിൽനിന്നും 3 ശതമാനമായി കുറയുകയാണുണ്ടായത്.

പ്രളയം ദുരിതത്തിലാഴ്ത്തിയ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതികളാണ് 'പുനർജനിയും റീബിൽഡ് കേരള ഇനിഷ്യേറ്റീവും'. പുനർജനി പദ്ധതിക്കായി സർക്കാർ 2018-19 വർഷത്തിൽ 65.81 കോടി രൂപ ചെലവഴിക്കുകയുണ്ടായി. പുനർജനി പദ്ധതിയുടെ തുടർച്ചയായി 2020-21, 2021-22 വാർഷിക പദ്ധതികളെ ഉൾപ്പെടുത്തി 'പുനർജനി-പ്രളയാനന്തര കാർഷിക മേഖലയുടെ പുനഃസ്ഥാപനം' എന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ച് നടപ്പിലാക്കി. 2022-23 സാമ്പത്തിക വർഷത്തിലും അംഗീകാരം ലഭിച്ച പ്രസ്തുത പദ്ധതി തുടർന്നുവരുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്ന പദ്ധതിയിൽ കാർഷിക മേഖലയിലെ 18 പ്രോജക്ടുകളെ ഉൾപ്പെടുത്തുകയും 2019-20 കാലഘട്ടത്തിൽ 522.0086 കോടി രൂപ വകയിരുത്തുകയും ചെയ്തു.

കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി തരണം ചെയ്യുന്നതിനായി ബഹുജന പങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും വളരെ വിജയകരമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സുഭിക്ഷകേരളം'. ഈ പദ്ധതിയുടെ ഭാഗമായി 2,158 മഴ മറകൾ സ്ഥാപിക്കുകയും 250 തുള്ളിനന യൂണിറ്റുകൾ സ്ഥാപിക്കുകയും 24990 ഹെക്ടർ തരിശുഭൂമിയിൽ കൃഷി നടപ്പിലാക്കുകയും 60,921 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിക്കുള്ള

പദ്ധതിയായ കേരഗ്രാമം പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കൂടാതെ, 2,144.55 ലക്ഷം രൂപ (07-01-2023 വരെ) വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് ഇൻഷ്വറൻസ് തുകയായി നൽകിയിട്ടുമുണ്ട്. നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ചുവരുന്നുണ്ട്.

തെങ്ങിന്റെ വിസ്തൃതിയും ഉൽപ്പാദനവും കുറയുന്നത് കണക്കിലെടുത്ത് 2014-15 മുതൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. 2022-23 വർഷത്തിൽ 100 ഹെക്ടർ വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. ഒരു കേരഗ്രാമത്തിന് 25.67 ലക്ഷം രൂപ എന്ന കണക്കിൽ അനുവദിച്ചിട്ടുണ്ട്. നാളികേര കൃഷിയുടെ ഉൽപ്പാദന വർദ്ധനയ്ക്ക് നാളികേര വികസന പദ്ധതിയിൽ 7390 ലക്ഷം രൂപ ബഡ്ജറ്റിൽ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ്

സംഭരിച്ചുവരുന്നത്. വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 16-03-2023 വരെ 10843.40509 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പുവരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. 2022-23 വർഷത്തിൽ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 20 രൂപ 40 പൈസയായാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയോടൊപ്പം സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസുംകൂടി ചേർത്ത് കിലോഗ്രാമിന് 28 രൂപ 20 പൈസ സംഭരണ വിലയായി നിശ്ചയിച്ചാണ് സർക്കാർ സപ്ലൈകോ മുഖേന നെല്ല് സംഭരിച്ചുവരുന്നത്.

സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ ഒന്ന് മുതൽ

നടപ്പിലാക്കിവരുന്നു. ഇന്ത്യയിൽ ആദ്യമായി പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. ഇതിന്റെ മാതൃക പഠിക്കുന്നതിന് തമിഴ്നാട്, മഹാരാഷ്ട്ര, തെലുങ്കാന എന്നീ സംസ്ഥാനങ്ങൾ പദ്ധതിയുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ട്.

കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ സുഗന്ധവ്യഞ്ജന വിളകളുടെ വികസനത്തിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായാണ് 2022-23 സാമ്പത്തിക വർഷം സുഗന്ധവ്യഞ്ജന വിള വികസന പദ്ധതി നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതിക്ക് 36000 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

കൃഷിക്കാവശ്യമായ രാസവസ്തുക്കളായ കീടനാശിനികളുടെ വില വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാൽപ്പതിലേറെ വർഷങ്ങളായി കർഷകർ ഉപയോഗിച്ചിരുന്ന ചുവപ്പ് (extremely toxic), മഞ്ഞ (highly toxic), നീല (moderately toxic) ലേബലിലുള്ള വിഷാംശം കൂടിയ കീടനാശിനികൾ പലതും പിൽക്കാലത്ത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിരോധിക്കുകയുണ്ടായി. പഴയ തലമുറയിൽപ്പെട്ട വിഷം കൂടിയ കീടനാശിനികളിൽ ചിലത് നിരോധിക്കപ്പെട്ടപ്പോൾ ബദലായി ഉപയോഗിക്കാവുന്നവയുടെ വിലയിൽ കമ്പനികൾ വർദ്ധന വരുത്തിയിട്ടുണ്ട്.

കൂടാതെ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധന അനുസരിച്ച് കീടനാശിനികളുടെ വിലയിൽ വർദ്ധന കണ്ടുവരുന്നു.

കേന്ദ്രസർക്കാരിന്റെ കർഷക വിരുദ്ധ നയത്തിന്റെ ഭാഗമായി കാർഷിക ബഡ്ജറ്റ് വിഹിതത്തിൽ ഗണ്യമായ കുറവുവരുത്തിയിട്ടുണ്ട്. 2022-23-ൽ സാമ്പത്തിക വർഷത്തിൽ RKVY-യുടെ പദ്ധതി വിഹിതം ദേശീയ തലത്തിൽ 10437 കോടി രൂപ ആയിരുന്നത് 2023-24-ൽ 7150.35 കോടി ആയി കുറവുവരുത്തി. കൂടാതെ, നിലവിലുണ്ടായിരുന്ന 10 കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പ്രത്യേകം തുകകൾ വകയിരുത്താതെ കൃഷി ഉന്നതിയോജന എന്ന ശീർഷകത്തിൽ 7066.47 കോടി രൂപ മാത്രമായി വകയിരുത്തിയത് നിലവിലുള്ള പദ്ധതികളുടെ നടത്തിപ്പിനെ കാര്യമായി ബാധിക്കും.

രാസവളങ്ങൾക്ക് അവയിൽ അടങ്ങിയിരിക്കുന്ന NPK മൂലകങ്ങളുടെ തോതനുസരിച്ചാണ് കേന്ദ്ര സർക്കാർ വളം കമ്പനികൾക്ക് സബ്സിഡി നൽകുന്നത്. രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര കൃഷിമന്ത്രാലയമാണ്. 2021-22 സാമ്പത്തിക വർഷത്തേക്കാൾ 50121 കോടി രൂപ കുറച്ചാണ് 2022-23-ൽ രാസവള സബ്സിഡിക്കായി കേന്ദ്ര സർക്കാർ വകകൊള്ളിച്ചിരിക്കുന്നത്. എന്നാൽ കർഷകരെ

സഹായിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിലും ജനകീയാസൂത്രണ പദ്ധതികളിലും ഉൽപ്പാദന ഉപാധിയായ വളത്തിന് 50% വരെ സബ്സിഡി നൽകുന്നുണ്ട്.

സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാ ശാലകളും തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ് പരിശോധന ശാലയും പ്രവർത്തിക്കുന്നു. കൂടാതെ നിലവിൽ 11 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ശാലകളും പ്രവർത്തിക്കുന്നുണ്ട്. അതത് ജില്ലകളിലെ മൊബൈൽ ലബോറട്ടറികൾ ജില്ലയിലെ എല്ലാ ഭാഗത്തും സന്ദർശിച്ച് കൃഷിയിടങ്ങളിൽ മണ്ണ് പരിശോധന നടത്തുന്നു. കർഷകർ കൃഷി ഭവൻ മുഖേനയോ നേരിട്ടോ മണ്ണ് സാമ്പിളുകൾ പരിശോധനാ ലാബുകളിൽ എത്തിച്ചാൽ സമയബന്ധിതമായി പരിശോധിച്ച് തക്കതായ വളപ്രയോഗ നിർദ്ദേശങ്ങൾ നൽകുവാനുള്ള സംവിധാനം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ലഭ്യമാണ്. ഈ പരിശോധനാ ഫലത്തിന്റെയും നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലാണ് കർഷകർ വളപ്രയോഗം ചെയ്യുന്നത്. ഇതിന്റെ ഫലമായി കൃത്യമായി മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തി കൃഷി മുന്നോട്ടുകൊണ്ടുപോകാനായി സാധിക്കും. 2022-23 വർഷത്തിൽ നാളിതുവരെ 1,33,564 മണ്ണ് സാമ്പിളുകൾ പരിശോധിക്കുകയും കർഷകർക്ക്

നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നടപ്പ് വർഷത്തിൽ നാളിതുവരെ 62,700 സാമ്പിളുകൾ പരിശോധിച്ച് കർഷകർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് റബ്ബർ കർഷകർ ഉൾപ്പെടെയുള്ളവർക്ക് കൃഷി വകുപ്പിന്റെ മണ്ണ് പരിശോധനാശാലകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. സംസ്ഥാനത്ത് റബ്ബർ കൃഷിയുടെ മേൽനോട്ടം വഹിക്കുന്ന റബ്ബർ ബോർഡിന്റെ കീഴിലും മണ്ണ് പരിശോധനാ ശാലകൾ പ്രവർത്തിക്കുന്നു.

കൃഷി വകുപ്പ് വിവിധ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ മുഖേന അതാത് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകർക്ക് നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 6 മൊത്തവ്യാപാര വിപണികളിൽ കർഷകർക്ക് നേരിട്ട് തങ്ങളുടെ ഉൽപ്പന്നങ്ങൾ എത്തിച്ച് വിൽപ്പന നടത്തുവാൻ സാധിക്കും.

മേൽ നടപടികളിലൂടെ കേരളത്തിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ പ്രയത്നിച്ചുകൊണ്ടിരിക്കുന്നു.

**അനുബന്ധം II**

**സബ്മിഷൻ**

1.ഡോ. എൻ. ജയരാജ് എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) മേശപ്പുറത്തുവച്ച മറുപടി

ഗുരുവായൂർ ദേവസ്വം വക പുന്നത്തൂർ ആനക്കോട്ടയിൽ നിലവിൽ 41 ആനകളാണുള്ളത്. 2021 ജനുവരി മുതൽ 2023 മാർച്ച് വരെ കാലയളവിൽ അഞ്ച് ആനകളാണ് ചരിഞ്ഞിട്ടുള്ളത്.

ആനകളുടെയും കന്നുകാലികളുടെയും ചികിത്സ, പരിചരണം എന്നിവ സംബന്ധിച്ച് മേൽനോട്ടം വഹിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി അഞ്ചംഗ ലൈവ് സ്റ്റോക്ക് വിദഗ്ദ്ധ സമിതി നിലവിലുണ്ട്. ഗജചികിത്സാരംഗത്ത് കേരളത്തിൽ ലഭ്യമായിട്ടുള്ള ഏറ്റവും വിദഗ്ദ്ധരാണ് നിലവിൽ ഗുരുവായൂർ ദേവസ്വം ജീവധനം വിഭദ്ധ സമിതിയിലുള്ളത്. വിദഗ്ദ്ധസമിതി മാസത്തിൽ ഒരു തവണ പ്രത്യേകം യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തുന്നുണ്ട്.

ദേവസ്വത്തിലെ ആനകൾക്ക് വിദഗ്ദ്ധ ചികിത്സയും പരിചരണവും ലഭിക്കുന്നില്ല എന്ന രീതിയിൽ മാധ്യമങ്ങളിൽ വന്ന വാർത്തയുടെ

അടിസ്ഥാനത്തിൽ ആനകൾക്ക് നൽകുന്ന വാഴപ്പിണ്ടി, പുല്ല്, പനമ്പട്ട തുടങ്ങി എല്ലാ ഭക്ഷണ പദാർത്ഥങ്ങളും മണ്ണുത്തി വെറ്റിനറി കോളജിലെ സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ലാബിൽ പരിശോധന നടത്തിവരുന്നുണ്ട്.

ആന തറികളിൽ ആനകളുടെ പാദ രോഗം ഇല്ലാതാക്കുന്നതിനായി പുഴമണൽ വിരിക്കുന്നുണ്ട്. കൂടാതെ എഴുന്നള്ളിപ്പ് ഇല്ലാത്ത ആനകളെ വ്യായാമത്തിനായി കോട്ടക്കുള്ളിൽത്തന്നെ നടത്തിവരുന്നു. ആനകളെ നിത്യവും പത്ത് കിലോമീറ്ററെങ്കിലും നടത്തിക്കുന്നതിന് പുന്നത്തൂർ കോട്ടയിലെ തെക്കേപ്പുറമ്പിൽ നടപ്പാതകൾ സജ്ജീകരിച്ചുവരുന്നു.

കാവീട്, ഗുരുവായൂർ അനക്സ് ഗോശാലകളിൽ കറവയുള്ള ഗോക്കളേയും അവയുടെ കുട്ടികളേയും വെങ്ങാട് ഗോകുലത്തിൽ കറവ വറ്റിയതും പ്രായം ചെന്നതുമായ ഗോക്കളെയുമാണ് പാർപ്പിച്ചിട്ടുള്ളത്. ഇവിടങ്ങളിലെ ശുചിത്വവും ഉറപ്പുവരുത്തുന്നു. കന്നുകാലികളുടെ എണ്ണം കൂടുതലാകയാൽ വെങ്ങാട് ഗോകുലത്തിൽ മൂന്ന് വെറ്ററിനറി ഡോക്ടർമാരെയും അഞ്ച് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. വെങ്ങാട് ഗോകുലത്തിന്റെ സമഗ്ര വികസനത്തിനായി ഒരു DPR തയ്യാറാക്കി വരുന്നുണ്ട്. ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി നിലവിൽ വെങ്ങാട് ഗോകുലത്തിലുള്ള അപര്യാപ്തതകളെല്ലാം പരിഹരിക്കപ്പെടുന്നതാണ്.

2.ശ്രീ. ആന്റണി ജോൺ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ)

മേശപ്പുറത്തുവച്ച മറുപടി

കോതമംഗലം താലൂക്കിൽ ഭൂമി പതിച്ച് ലഭിക്കാൻ അർഹതയുള്ള മുഴുവൻ പേർക്കും പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കും. കോതമംഗലം താലൂക്കിൽ വനഭൂമിയിൽ കുടിയേറിയവർക്കാണ് കൂടുതലായും പട്ടയം ലഭിക്കാനുള്ളത്. 1993-ലെ ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ച് മാത്രമേ ഇത്തരം പട്ടയം നൽകാനാകൂ.

കോതമംഗലം താലൂക്കിൽ സംയുക്ത പരിശോധന കഴിഞ്ഞ ആകെ ഭൂമി 675 ഹെക്ടർ 50 ആർ 38 സ്ക്വ.മീറ്റർ ആണ്. അതിൽനിന്നും 327 ഹെക്ടർ 89 ആർ 45 സ്ക്വ.മീറ്റർ ഭൂമി 1372 പേർക്ക് പതിച്ച് നൽകിയിട്ടുണ്ട്. പതിച്ച് കൊടുക്കുവാൻ ബാക്കിയുള്ള ഭൂമി 347 ഹെക്ടർ 60 ആർ 93 സ്ക്വ.മീറ്ററാണ്. അതിൽ 11 ഹെക്ടർ 91 ആർ 21 സ്ക്വ.മീറ്റർ ഭൂമി അവകാശത്തർക്കം, അതിർത്തി തർക്കം, കോടതി കേസ് എന്നിവമൂലം പതിച്ച് നൽകാൻ കഴിയാത്തതാണ്. 76 ഹെക്ടർ 60 ആർ 82 സ്ക്വ.മീറ്റർ ഭൂമി കെ.എസ്.ഇ.ബി. ടവർലൈൻ കടന്നുപോകുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾമൂലവും പതിച്ച് നൽകാൻ കഴിയാത്തതാണ്. കൂടാതെ റീസർവ്വേയ്ക്കുശേഷം 'ഹിൽമെന്റ് സെറ്റിൽമെന്റ്' എന്ന് രേഖപ്പെടുത്തിയിരിക്കുന്ന കുട്ടമ്പുഴ വില്ലേജിലെ

കല്ലേലിമേട മണികണ്ഠൻചാൽ പ്രദേശങ്ങളിലെ 259 ഹെക്ടർ 08 ആർ 90 സ്ക്വ.മീറ്റർ സ്ഥലം നേരത്തെ 'അൺ സർവെയ്ഡ്' എന്ന റവന്യൂ റിക്കാർഡുകളിൽ ചേർത്തിരുന്നതിനാൽ 01-01-1977-ന് മുൻപ് വനഭൂമി കൈവശത്തിലുള്ളതും സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ടി വില്ലേജിലെ 500 ഓളം വരുന്ന കൈവശക്കാർക്ക് പതിച്ച് നൽകുവാൻ സാധിക്കുന്നില്ല. സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെടുകയും പതിച്ച് നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുള്ളതുമായ ടി ഭൂമി 1993-ലെ ഭൂമി പതിവ് ചട്ട പ്രകാരം പതിച്ച് നൽകേണ്ടതുണ്ട്. ആയതിനായി ഡിജിറ്റൽ സർവ്വ പദ്ധതിയിൽ ഉൾപ്പെടുത്തി ടി സ്ഥലം അടിയന്തരമായി സർവ്വെ ചെയ്യുന്നതാണ്.

കോതമംഗലം താലൂക്കിൽ സംയുക്ത പരിശോധന കഴിയാത്ത ആകെ ഭൂമി 1743.99 ഹെക്ടർ ആണ്. കേരള ഭൂമി പതിച്ചു നൽകൽ (01-01-1977-ന് മുൻപ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം കോതമംഗലം താലൂക്കിൽ 6 വില്ലേജുകളിലായി 4567 കൈവശക്കാർക്കായി 1743.99 ഹെക്ടർ വന ഭൂമി പതിച്ച് നൽകുന്നതിനായി വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്കുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്ന

മുറയ്ക്ക് അത് പതിച്ചുനൽകുന്നതുമാണ്.

കടവൂർ വില്ലേജിൽ സർവ്വെ 1047/1-ൽ BTR പ്രകാരം 123 ഏക്കർ 24 സെന്റ് വിസ്തീർണ്ണം (49.8745 ഹെക്ടർ) വരുന്ന ഭൂമി തരിശാണ്. ടി സ്ഥലം തരിശ് രജിസ്റ്ററിൽ റിമാർക്സ് കോളത്തിൽ "റിസർവ് ഫോറസ്റ്റ്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി ഭൂമിയിൽ ഇരുന്നൂറോളം കൈവശങ്ങൾ സംയുക്ത പരിശോധന പൂർത്തീകരിച്ച് കേരള ഭൂമി പതിച്ച് നൽകൽ (01-01-1977-ന് മുൻപ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം പട്ടയം നൽകിയിട്ടുള്ളതാണ്. ടി പ്രദേശത്ത് താമസിക്കുന്ന 50-ഓളം കൈവശക്കാർക്ക് ഏകദേശം 10 ഏക്കർ ഭൂമിക്ക് സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെടാതെ കൈവശം വച്ചിരിക്കുന്നതാണ്. 23-04-1969-ലെ GO(MS).207/1969 പ്രകാരം സ്ഥലം വനം വകുപ്പിന്റെ നിയന്ത്രണത്തിലാണെങ്കിലും, റവന്യൂ ഭൂമിയാണെന്നും 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകാവുന്നതാണെന്നും ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകൾ സംബന്ധിച്ച് വ്യക്തത വരുത്തിയാൽ മാത്രമേ പട്ടയ നടപടികൾ തുടരാൻ സാധിക്കുകയുള്ളൂ. റവന്യൂ തരിശ് എന്ന് BTR-ലും സെറ്റിൽമെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയ ഭൂമിക്ക് വനഭൂമി പതിവ് ചട്ട പ്രകാരം പട്ടയം നൽകാനുണ്ടായ സാഹചര്യം രേഖകൾ

പരിശോധിച്ചതിൽ വ്യക്തമല്ല. ഈ സാഹചര്യത്തിൽ 02-06-2020-ലെ സ.ഉ. (സാധാ) നമ്പർ 2020/2020/റവ ഉത്തരവുപ്രകാരം ടി കൈവശങ്ങൾക്ക് 1964-ലെ പതിവ് ചട്ട പ്രകാരം പതിവ് അനുവദിക്കാവുന്നതാണോ എന്നതുസംബന്ധിച്ച നിയമപരമായ പരിശോധന നടത്തി സ്പഷ്ടീകരണം നൽകുന്നതാണ്.

3.<u>ശ്രീ. പി. ടി. എ. റഹീം എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) മേശപ്പുറത്തുവച്ച മറുപടി</u>

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കുന്ദമംഗലം നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതിയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു.

<u>1. എൻ.ഐ.റ്റി.-കൊടുവള്ളി റോഡ് (PWD015-56)</u>

20-08-2016-ലെ G.O.(Rt) No.1192/2016/PWD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി കേരള റോഡ് ഫണ്ട് ബോർഡിനെയാണ് (KRFB) നിശ്ചയിച്ചിരിക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിന് ഉൾപ്പെടെ 15-02-2020-ലെ

PWD015-56/APR-5/2020/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് 52.20 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നതായാണ് നിർവ്വഹണ ഏജൻസി അറിയിച്ചിരിക്കുന്നത്.

2. കുന്ദമംഗലം ബൈപാസ് റോഡ് (PWD003-17) (പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപാസ്)

G.O.(Rt) No.1324/2016/PWD dated, 27-09-2016 പ്രകാരം പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപാസ് നിർമ്മാണം ആർ.ബി.ഡി.സി.കെ.-യെ പദ്ധതി നിർവ്വണ ഏജൻസി (SPV) ആയി ചുമതലപ്പെടുത്തിയിരിക്കുന്നത്. ഗവൺമെന്റ് ഉത്തരവ് പ്രകാരമുള്ള പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപാസ് പദ്ധതി പ്രധാന റോഡുകളുമായി ബന്ധിക്കപ്പെടുന്നില്ലാത്തിനാൽ, പ്രസ്തുത പദ്ധതി എൻ.എച്ച്.-ന്റെ ഭാഗമായ പടനിലം, കാരന്തൂർ എന്നിവിടങ്ങളിലേയ്ക്ക് ദീർഘിപ്പിച്ച് 3 ഭാഗങ്ങളായി ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി നൽകണമെന്ന് ആർ.ബി.ഡി.സി.കെ. അഭ്യർത്ഥിച്ചിരുന്നു. ഓരോ ഘട്ടങ്ങളിലും പ്രതീക്ഷിക്കുന്ന ഏകദേശ ചെലവ് ഉൾപ്പെടുത്തി കൺസെപ്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ ഗവൺമെന്റ് ആവശ്യപ്പെട്ടതുപ്രകാരം,

30-09-2019-ൽ പ്രസ്തുത റിപ്പോർട്ട് SPV സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ ഭരണാനുമതി ഇതുവരെ ലഭ്യമായിട്ടില്ല. പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി സംബന്ധമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

3. മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡ് (PWD015-35)

20-08-2016-ലെ G.O.(Rt) No.1192/2016/PWD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി (SPV)-യായി കേരള റോഡ് ഫണ്ട് ബോർഡിനെ (KRFB)-യാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ പ്രവൃത്തിക്കായി 90.60 കോടി രൂപയുടെ ഡി.പി.ആർ. സാമ്പത്തികാനുമതി ലഭിക്കുന്നതിലേയ്ക്കായി കിഫ്ബിയിൽ 16-01-2019-ന് സമർപ്പിച്ചിരുന്നു. ആയതിന് 01-02-2019-ൽ സാങ്കേതിക അവലോകന റിപ്പോർട്ട് ലഭിച്ചതിന്റെ (TAR) അടിസ്ഥാനത്തിൽ, ആയതിനുള്ള മറുപടി 21-05-2019 സമർപ്പിച്ചു. എന്നാൽ 06-06-2019-ന് കിഫ്ബി Non-Compliance Report നൽകുകയും ആയതിനുള്ള മറുപടി 18-10-2022-ന് കിഫ്ബിയിൽ പുനർസമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുശേഷം കിഫ്ബിയിൽനിന്നും Non-Compliance-02 റിപ്പോർട്ട് 15-11-2022-ൽ നൽകിയിട്ടുണ്ട്. ആയതിനുള്ള മറുപടി

തയ്യാറാക്കിവരികയാണെന്ന് കെ.ആർ.എഫ്.ബി.-കോഴിക്കോട് ഡിവിഷൻ ഓഫീസിൽനിന്നും അറിയാൻ കഴിഞ്ഞു. ആയത് കിഫ്ബിയിൽ ലഭ്യമാകുമ്പോൾ സാമ്പത്തിക അനുമതി നൽകാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

4. കല്ലൻതോട്-കുളിമാട് റോഡ് (PWD006-01)

10 കിലോമീറ്റർ നീളം വരുന്ന കല്ലൻതോട്-കുളിമാട് റോഡ് പ്രവൃത്തി നിർവ്വഹിച്ചിരുന്ന കരാറുകാരനെ പലവിധ കാരണങ്ങളാൽ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. 1,63,88,055/- രൂപയുടെ പ്രവൃത്തി മാത്രമാണ് ആദ്യത്തെ കരാറുകാരൻ പൂർത്തിയാക്കിയത്. ബാക്കി വരുന്ന പ്രവൃത്തി ഉൾക്കൊള്ളിച്ച് പദ്ധതി നിർവ്വഹണ ഏജൻസി (SPV) പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് പുതുക്കിയ ധനാനുമതി Order No.PWD006-01/APR-5/2022/KIIFB, തീയതി, 20-03-2022 മുഖാന്തരം നൽകുകയുമുണ്ടായി.

കേരള റോഡ് ഫണ്ട് ബോർഡ് ടി റോഡ് 23-06-2022-ന് ടെണ്ടർ ചെയ്യുകയും 11-07-2022-ന് ബിഡ് തുറക്കുകയും 20-07-2022-ന് പ്രീ-ക്വാളിഫിക്കേഷൻ, ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും 22-07-2022-ന് സാമ്പത്തിക ബിഡ് 35-മത് ടെൻഡർ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു.

കിഫ്ബിയുടെ വെബ് പോർട്ടലായ പി.എഫ്.എം.എസ്.-ൽ ശേഷിക്കുന്ന പ്രവൃത്തിയുടെ പാക്കേജ് സമർപ്പിക്കുന്നതിലേയ്ക്കായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ്ഫണ്ട് ബോർഡ് നെഗറ്റീവ് ഡീവിയേഷൻ 05-08-2022-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ മതിയായ രേഖകൾ ഇല്ലാതിരുന്നതിനാൽ ടി ഫയൽ തിരിച്ചയക്കുകയും നിർവ്വഹണ ഏജൻസി 26-09-2022-ന് പുനഃസമർപ്പിക്കുകയും ചെയ്തു. രണ്ടാമത് സമർപ്പിച്ച ഫയലിലും മതിയായ രേഖകൾ ഇല്ലാതിരുന്നതിനാൽ 13-10-2020-ന് ഫയൽ തിരിച്ച് നിർവ്വഹണ ഏജൻസിക്ക് അയയ്ക്കുകയും 19-10-2022-ന് ഫയൽ കിഫ്ബിയിൽ തിരിച്ച് സമർപ്പിക്കുകയും ചെയ്തു. 23-12-2022-ന് ഫയലിന് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തു.

പുതിയ പ്രവൃത്തിയുടെ പാക്കേജ് കിഫ്ബിയിൽ 27-12-2022-ന് സമർപ്പിക്കുകയും ജി.എസ്.ടി. കണക്കാക്കുന്നതിന്റെ വ്യത്യാസം കാരണം ഫയൽ തിരിച്ച് നിർവ്വഹണ ഏജൻസിക്ക് അയക്കുകയും തുടർന്ന് 07-02-2023-ന് പാക്കേജ് ഫയൽ കിഫ്ബി അംഗീകരിക്കുകയും ചെയ്തു. കൂടാതെ സാങ്കേതിക അനുമതിയുമായി ബന്ധപ്പെട്ട ഫയൽ 27-12-2022-ന് ജി.എസ്.ടി. കണക്കാക്കിയതിന്റെ വ്യത്യാസം കാരണം തിരിച്ച് അയക്കുകയും തുടർന്ന് 04-02-2023-ന് അംഗീകരിക്കുകയും ചെയ്തു. പ്രൊജക്ട്

എക്സിക്യൂഷൻ ഡോക്യുമെന്റ് 10-02-2023-ന് മാത്രമാണ് കിഫ്ബിയിൽ സമർപ്പിച്ചത്. ടി ഫയൽ കിഫ്ബി പരിശോധിച്ചുവരികയാണ്.

മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ ടെണ്ടർ നടപടികൾ തുടങ്ങുന്നതിനുമുൻപ് പൂർത്തിയാക്കേണ്ടതുണ്ടായിരുന്നു. എന്നാൽ നിർവ്വഹണ ഏജൻസി ടി നടപടി ക്രമങ്ങൾ പൂർത്തിയാക്കാതെയാണ് ടെണ്ടർ നടപടികൾ ആരംഭിച്ചത്. ഈ കാരണങ്ങളാലാണ് നാളിതുവരെ കരാറുകാരന് എഗ്രിമെന്റ് വെക്കാൻ സാധിക്കാത്തത്.

4. കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ശ്മശാനം (LSG004-01)

കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ശ്മശാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ശുചിത്വ മിഷൻ തയ്യാറാക്കിയ ഡി.പി.ആർ. പദ്ധതി നിർവ്വഹണ ഏജൻസിയായ ഇംപാക്റ്റ് കേരള, 2018 ഒക്ടോബറിൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഡി.പി.ആർ. കിഫ്ബിയിൽ പരിശോധിക്കുകയും 2019 മാർച്ചിൽ സാങ്കേതിക അവലോകന റിപ്പോർട്ട് (TAR) പദ്ധതി നിർവ്വഹണ ഏജൻസിക്ക് നൽകുകയും ചെയ്തു. തുടർന്ന് ഡി.പി.ആർ. പരിഷ്കരിച്ച് പദ്ധതി നിർവ്വഹണ ഏജൻസി 2022 മാർച്ചിൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. 30-06-2022-ന് കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽനിന്നും എസ്.പി.വി.-ക്ക് ലഭിച്ച കത്ത് പ്രകാരം കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ

അധീനതയിലുള്ള കളരിക്കണ്ടി പൊതുശ്മശാനത്തിന്റെ പുനരുദ്ധാരണം കിഫ്ബി പദ്ധതിയല്ലാതെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തീരുമാനമെടുത്തതായി അറിയിച്ചതിനെത്തുടർന്ന് കുന്ദമംഗലത്തെ പ്രസ്തുത പദ്ധതി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

4. ശ്രീ. ഡി. കെ. മുരളി എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) മേശപ്പുറത്തുവച്ച മറുപടി

കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുക, കർഷകരുടെ വരുമാനം ഇരട്ടിയാക്കുക എന്നിവ ഈ സർക്കാർ പ്രഥമ പരിഗണന നൽകുന്ന കാര്യങ്ങളാണ്. പാരമ്പര്യ കൃഷിരീതി പിന്തുടർന്നും നവീന കൃഷിരീതി അനുവർത്തിച്ചും കേരളത്തിൽ ഭക്ഷ്യസ്വയംപര്യാപ്തത, ഭക്ഷ്യസുരക്ഷ എന്നിവ കൈവരിക്കുക എന്ന കാര്യവും സർക്കാർ ലക്ഷ്യമിടുന്നു.

കൃഷിക്കൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ ക്ലസ്റ്ററുകൾ, FPO-കൾ തുടങ്ങിയവയിൽക്കൂടിയാണ് ഈ ലക്ഷ്യം കൈവരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്. യുവതലമുറയെയും പ്രവാസികളെയും സ്ത്രീകളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും ഇത്തരം കൂട്ടായ്മകൾ ആവശ്യമാണ്. കൂട്ടായ്മകളിൽക്കൂടി കൃഷി വിസ്തൃതി വർദ്ധിപ്പിക്കുവാനും ഗുണമേന്മയുള്ള

ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാനും സാധ്യമാകുന്നതോടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് മൂല്യവർധിത ഉൽപ്പന്നമേഖലയിലെ സാധ്യത വർദ്ധിപ്പിക്കുവാൻ സാധ്യമാകും എന്ന സർക്കാരിന്റെ കാഴ്ചപ്പാടാണ് കൂടുതൽ FPO-കൾ കാർഷിക മേഖലയിലുണ്ടാക്കി പ്രവർത്തനം ആരംഭിക്കണമെന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചത്. കാർഷിക കൂട്ടായ്മകൾ സൃഷ്ടിക്കുന്നതോടെയും മൂല്യവർദ്ധനയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കർഷകരുടെ വരുമാനത്തിൽ വർദ്ധനയുണ്ടാക്കുവാൻ സാധിക്കും.

സംസ്ഥാന കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC) എന്ന സ്ഥാപനമാണ് RKVY പദ്ധതി പ്രകാരം കർഷക ഉൽപ്പാദക സംഘടനകളുടെ രൂപീകരണം നിർവ്വഹിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം പുതുതായി 50 കർഷക ഉൽപ്പാദക സംഘടനകൾ രൂപീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

കർഷകരെ സംഘടിപ്പിക്കുക, അവർക്കാവശ്യമുള്ള സാങ്കേതികവിദ്യ, ഉൽപ്പാദനോപാധികൾ, വായ്പ സംവിധാനം, ഇൻഷ്വറൻസ് പരിരക്ഷ, ഉൽപ്പാദന മേഖലയിൽ ധനം നിക്ഷേപിക്കുന്നതിനുള്ള ആർജ്ജവം അസംഘടിത മേഖലയിൽ വർത്തിക്കുന്ന കർഷകരിൽ വളർത്തിയെടുക്കുക, അവരുടെ ഉൽപ്പന്നങ്ങൾക്ക് കൂട്ടായ വിപണന മാർഗ്ഗങ്ങൾ അവലംബിക്കാൻ

പ്രോത്സാഹനം നൽകുക, കാർഷിക ഉൽപ്പാദനം മെച്ചമാക്കുന്നതിന് പുതിയ ശാസ്ത്രീയ കൃഷിരീതികളിൽ പരിശീലനം നൽകുക, കാർഷിക ഉൽപ്പന്നങ്ങൾക്ക് ഗ്രേഡിംഗ്, സോർട്ടിംഗ്, പാക്കിംഗ് എന്നിവ നടത്തുന്നതിന് പാക്ക് ഹൗസുകൾ സ്ഥാപിക്കുക, ഉൽപ്പന്നങ്ങൾക്ക് സർക്കാർ നേതൃത്വം വഹിച്ചുകൊണ്ട് ബ്രാൻഡിംഗ് ഏർപ്പെടുത്തുക എന്നിങ്ങനെ നാനോന്മുഖമായ പ്രവർത്തനങ്ങളാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. കൂടാതെ കർഷകർക്ക് ന്യായമായ നിരക്കിൽ അവരുടെ ആവശ്യത്തിനുതകുന്ന യന്ത്ര സാമഗ്രികൾ ന്യായമായ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിനുള്ള കസ്റ്റം ഹയറിംഗ് സെന്ററുകൾ, ഉൽപ്പാദനോപാധികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് ഇൻപുട്ട് സെന്ററുകൾ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുവാനുള്ള സംവിധാനങ്ങൾ എന്നിവ പദ്ധതിയിൻ കീഴിൽ ഒരുക്കുന്നു. AIF ഫണ്ട്, MSME പദ്ധതി, ട്രെയിനിംഗുകൾ തുടങ്ങിയ വിവിധ പദ്ധതിയാനുകൂല്യങ്ങൾ കർഷക ഉൽപ്പാദക സംഘടകളുടെ ശാക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്. പുതുതായി രൂപീകരിക്കുന്ന കർഷക ഉൽപ്പാദക സംഘടന ഒന്നിന് 60 ലക്ഷം രൂപയാണ് മൂന്ന് വർഷത്തേയ്ക്ക് വകയിരുത്തിയിട്ടുള്ളത്.

GO(Rt).No. 431/2020/AGRI പ്രകാരം കേരള കർഷക ഉൽപ്പാദക

കമ്പനി നയം സംസ്ഥാന ഗവൺമെന്റ് രൂപീകരിക്കുകയും 30-06-2020-ലെ TM(1)11560/2020 പ്രകാരം ഈ പദ്ധതിയുടെ പ്രവർത്തന മാർഗ്ഗരേഖ കൃഷി ഡയറക്ടർ അംഗീകരിക്കുകയുമുണ്ടായി. ഇതനുസരിച്ച് ഇ-ടെണ്ടറിലൂടെ അഗ്രിബിസിനസ് പ്രമോട്ടിംഗ് ഏജൻസികളെയും (ABPA), പ്രോജക്ട് മോണിട്ടറിംഗ് യൂണിറ്റ് കൺസൾട്ടിംഗ് എജൻസിയെയും തെരഞ്ഞെടുക്കുകയുണ്ടായി. ഇതിൽ എ.എഫ്.സി. ലിമിറ്റഡിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകൾ ഉൾപ്പെടുന്ന സോൺ -1-ഉം, ഇന്റർനാഷണൽ കോംപറ്റൻസി സെന്റർ ഫോർ ഓർഗാനിക് അഗ്രികൾച്ചറിന് ആലപ്പുഴ, കോട്ടയം, ഇടുക്കി ഉൾപ്പെടുന്ന സോൺ -2-ഉം, കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകൾ ഉൾപ്പെടുന്ന സോൺ- 5-ഉം അനുവദിക്കുകയുണ്ടായി. എർണസ്റ്റ് ആൻഡ് യംഗിന് എറണാകുളം, തൃശ്ശൂർ ജില്ലകൾ ഉൾപ്പെടുന്ന സോൺ-3-ഉം പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾ ഉൾപ്പെടുന്ന സോൺ-4-ഉം അനുവദിക്കുകയുണ്ടായി. ഒരു സോണിൽ 10 കർഷക ഉൽപ്പാദക സംഘടനകൾ വീതം നിലവിലുണ്ട്.

സംസ്ഥാന സർക്കാരിന്റെ FPO പോളിസി പ്രകാരം 2013 കമ്പനീസ് ആക്റ്റ്, കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്റ്റ്, ചാരിറ്റബിൾ സൈസൈറ്റീസ് ആക്റ്റ് എന്നിവയിൽ ഏതെങ്കിലും ഒരെണ്ണം അനുസരിച്ച് FPO-കൾ രജിസ്റ്റർ

ചെയ്യാവുന്നതും തുടക്കത്തിൽ 100 പേരിൽ തുടങ്ങി 500-1000 വരെ അംഗങ്ങളെ മൂന്നവർഷത്തിനുള്ളിൽ ചേർക്കുവാനും ലക്ഷ്യമിടുന്നു.

ഇക്വിറ്റി ഫണ്ട്, എഫ്.പി.ഒ., CEO-യുടെ ശമ്പളം, രജിസ്ട്രേഷൻ തുക, വാടക, ഓഫീസ് സാമഗ്രികൾ, യാത്രാച്ചെലവ്, കളക്ഷൻ സെന്ററുകളുടെ നിർമ്മാണം. പാക്ക് ഹൗസ് നിർമ്മാണം ഉൾപ്പടെ മൂന്നവർഷത്തേയ്ക്ക് 60 ലക്ഷം രൂപയാണ് ഒരു FPO-ക്ക് വകയിരുത്തിയിട്ടുള്ളത്.

2021-2022 സാമ്പത്തിക വർഷത്തിൽ 44 കർഷക ഉൽപ്പാദക സംഘടനകൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഈ പദ്ധതി നടപ്പാക്കുന്നത് എസ്.എഫ്.എ.സി. കേരള വഴിയാണ്. ജില്ലാതലത്തിൽ പദ്ധതി നടപ്പാക്കുന്നത് പ്രോജക്റ്റ് ഡയറക്ടർ ആത്മയാണ്.

ബഹുമാനപ്പെട്ട മെമ്പർ സബ്മിഷനിൽ ഉന്നയിച്ച കാര്യങ്ങൾക്ക് പരിഹാരം സർക്കാർ തലത്തിൽ കൈക്കൊണ്ടുവരികയാണ്.

District Level Monitoring സമിതി കൂടുവാനുള്ള ചുമതലയുള്ളത് ജില്ലാതലത്തിലെ ആത്മ പ്രോജക്ട് ഡയറക്ടർക്കാണ്. ജില്ലാതല മോണിറ്ററിങ് സമിതി കൃത്യമായി കൂടുകയും തീരുമാനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഏതെങ്കിലും ജില്ലകളിൽ സമയബന്ധിതമായി സമിതി

കൂട്ടുവാനുള്ള കാലതാമസം ഉണ്ടാകുകയാണെങ്കിൽ ശക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

എസ്.എഫ്.എ.സി.-ൽ മുഴുവൻ സമയ മാനേജിംഗ് ഡയറക്ടർ നിയമിതനായിട്ടുണ്ട്.

കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് FPO പദ്ധതിയെക്കുറിച്ചും FPC-കളുടെ ഘടന, ലക്ഷ്യം എന്നിവയെക്കുറിച്ചും ഇതിനോടകം 22 പരിശീലനങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. കൃഷി ഉദ്യോഗസ്ഥർ മാറിമാറി വരുന്നതിനാൽ ചുരുക്കം ചില ഉദ്യോഗസ്ഥർക്ക് പരിശീലനം ലഭ്യമാകാതെ വരുന്നത് പരിഗണിച്ച് എല്ലാ കൃഷി ഉദ്യോഗസ്ഥർക്കും ഇതിനെ സംബന്ധിച്ച പരിശീലന പരിപാടികൾ തുടർന്നും നടത്തുന്നതാണ്.

ജില്ലാതലത്തിൽ FPO പദ്ധതിയുടെ റിവ്യൂ ജില്ലാതല ആത്മ പ്രോജക്ട് ഡയറക്ടർ നടത്തിവരുന്നു. തുടർന്ന് ആത്മ പ്രോജക്ട് ഡയറക്ടർമാരുടെ അവലോകനവും നിർവ്വഹണ പുരോഗതിയും സംബന്ധിച്ച തുടർച്ചയായ റിവ്യൂ മീറ്റിംഗുകൾ എസ്.എഫ്.എ.സി. മുഖാന്തരം നടത്തുന്നുണ്ട്.

Share Capital ആയി 250 FPC അംഗങ്ങളിൽനിന്ന് 2,000 രൂപ വീതം 5 ലക്ഷം രൂപ മൂലധനമായി സമാഹരിക്കുന്നുണ്ട്. തുടർന്ന് അവർക്ക്

പ്രവർത്തന മൂലധനമായി ലഭിക്കുന്ന തരത്തിൽ സർക്കാർ 5 ലക്ഷം രൂപ, Equity Grant ആയി അനുവദിക്കുന്നുണ്ട്.

നിലവിലെ പദ്ധതി വിഭാവന ചെയ്തിരിക്കുന്ന മാർഗ്ഗരേഖയിൽ FPC-കൾക്ക് revolving fund അനുവദിച്ചിട്ടില്ല എങ്കിലും അത് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

കൃഷി വകുപ്പിന്റെ ഉല്പന്നങ്ങൾ 'കേരൾഅഗ്രോ' ബ്രാൻഡിൽ വിപണനം നടത്തുന്ന പ്രവർത്തനം ഊർജ്ജസ്വലമായിരിക്കുകയാണ്. കേരള അഗ്രോ ബിസിനസ് കമ്പനി വിപണനത്തിന്റെ പൂർണ്ണമായ നേതൃത്വം ഏറ്റെടുക്കുന്നതോടെ FPO-കൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത ഉറപ്പാക്കുവാൻ സാധ്യമാകും. കൂടാതെ മൂല്യവർദ്ധിത കാർഷിക മിഷന്റേയും ലോകബാങ്കിന്റെ സഹായത്തോടെ നടത്തുവാൻ ഉദ്ദേശിക്കുന്ന 'കേര' പ്രോജക്റ്റിന്റെ നടത്തിപ്പോടെയും FPO-കളുടെ പ്രസക്തി വർദ്ധിപ്പിക്കുമെന്നതിനാൽ കൂടുതൽ FPO-കൾ ഉൽപ്പന്നങ്ങൾ കേന്ദ്രീകരിച്ച് സംസ്ഥാനത്ത് സൃഷ്ടിക്കുവാനുള്ള തീവ്രശ്രമത്തിലാണ് സർക്കാർ.

## 5.ശ്രീ. എം. വിൻസെന്റ് എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) മേശപ്പുറത്തുവച്ച മറുപടി

സമൂഹത്തിലെ അയിത്തം, ജാതിവ്യവസ്ഥ തുടങ്ങിയ അനാചാരങ്ങൾക്കെതിരെയും അധഃസ്ഥിത വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനും സമത്വത്തിന് വേണ്ടിയും ജനങ്ങളെ അണിനിരത്തി സമരം ചെയ്തതിന്റെ പേരിൽ അധികാരവർഗ്ഗത്തിന്റെ പീഡനങ്ങൾക്കിരയായി ജയിൽവാസമുൾപ്പെടെ അനുഭവിക്കുകയും ചെയ്ത ആദ്യകാല നവോത്ഥാന നായകനാണ് അയ്യാ വൈകുണ്ഠ സ്വാമികൾ. ഇദ്ദേഹം മുന്നോട്ടുവച്ച ആദർശങ്ങളുടെ സ്വാധീനം പിൽക്കാല നവോത്ഥാന നായകരിലും ഉണ്ടായിട്ടുണ്ടെന്ന് കാണാവുന്നതാണ്. തമിഴ് സംസാരിക്കുന്ന ജനസമൂഹത്തിന്റെ ഇടയിലാണ് വൈകുണ്ഠർ മുഖ്യമായും പ്രവർത്തിച്ചിരുന്നതെങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങളും പ്രവർത്തനങ്ങളും കേരളത്തിന്റെ തെക്കൻ ജില്ലയായ തിരുവനന്തപുരത്തേയ്ക്കും വ്യാപിപ്പിച്ചിരുന്നുവെന്ന് ചരിത്രരേഖകളിൽ കാണുന്നു.

അയ്യാ വൈകുണ്ഠർക്ക് സ്മാരകമായി തിരുവനന്തപുരം ജില്ലയിൽ ഒരു സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തൈക്കാട് ശ്രീ വൈകുണ്ഠസ്വാമി ചാരിറ്റബിൾ ട്രസ്റ്റ് അപേക്ഷ സമർപ്പിച്ചിരുന്നു. വിവിധ ഘടകങ്ങൾ കണക്കിലെടുത്ത്, പ്രസ്തുത അപേക്ഷ തൽക്കാലം പരിഗണിക്കാനാവില്ല

എന്ന മറുപടി ട്രസ്റ്റിന് നൽകുകയാണുണ്ടായത്.

തുടർന്ന്, അയ്യാ വൈകുണ്ഠർക്ക് സ്മൃതിമന്ദിരം നിർമ്മിക്കുന്നതിനായി സർക്കാർ സ്ഥലമനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് നാടാർ സർവീസ് ഫോറം സമർപ്പിച്ച അപേക്ഷയിന്മേൽ സാംസ്കാരികവകുപ്പ് ഡയറക്ടർക്ക് തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

സ്ഥലലഭ്യത-പണലഭ്യത എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾ പരിശോധിച്ച് അയ്യാവൈകുണ്ഠസ്വാമിക്ക് തലസ്ഥാനത്ത് ഉചിതമായ സ്മാരകം നിർമ്മിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

## 6. ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) മേശപ്പുറത്തുവച്ച മറുപടി

സ്വകാര്യ മേഖലയിലെ എൻ.ജി.ഒ.-കൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾക്കും പഞ്ചായത്തുകൾ നടത്തുന്ന ബഡ്സ് സ്കൂളുകൾക്കും 2019 മുതൽ സർക്കാർ ധനസഹായം നൽകിവരുന്നു. അതിനുമുൻപ് സർക്കാർ ഗ്രാന്റ് എന്ന നിലയിൽ മാത്രമാണ് ധനസഹായം നൽകിവന്നിരുന്നത്. പാക്കേജ് എന്ന നിലയിൽ സ്പെഷ്യൽ സ്കൂളുകൾക്ക് ധനസഹായം നൽകുവാൻ

തുടങ്ങിയതുമുതൽ മെച്ചപ്പെട്ട ഒരു ധനസഹായമായി അത് മാറിയിട്ടുണ്ട്.

ഈ ധനസഹായം നൽകുന്നതിന് സർക്കാർ ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഇത്തരം സ്പെഷ്യൽ സ്കൂളുകളെ എ, ബി, സി, ഡി എന്നീ ഗ്രേഡുകൾ തിരിച്ചാണ് നൽകിവരുന്നത്. 2019-20-ൽ ഇരുന്നൂറ്റി പതിമൂന്ന് (213) സ്കൂളുകൾക്കായി മുപ്പത്തിയെട്ട് കോടി നാൽപത്തിയാറ് ലക്ഷത്തി അമ്പത്തിനാലായിരത്തി അറുന്നൂറ്റി പന്ത്രണ്ട് (38,46,54,612/-) രൂപയും 2020-21-ൽ മുന്നൂറ്റി പതിനേഴ് (317) സ്കൂളുകൾക്കായി മുപ്പത്തിയേഴ് കോടി അറുപത്തിയൊമ്പത് ലക്ഷത്തി എൺപത്തി അയ്യായിരത്തി എഴുന്നൂറ്റി അമ്പത് (37,69,85,750/-) രൂപയും 2021-22-ൽ മുന്നൂറ്റി പതിനാല് (314) സ്കൂളുകൾക്കായി ഇരുപത്തിയൊന്ന് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി അമ്പത് (21,93,69,050/-) രൂപയും നാളിതുവരെ സ്പെഷ്യൽ സ്കൂൾ പാക്കേജിനായി അനുവദിച്ചിട്ടുണ്ട്.

2022-2023 വർഷത്തെ സ്പെഷ്യൽ സ്കൂൾ പാക്കേജ് നടപ്പിലാക്കുന്നതിനായി 45 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. 2022-23 വർഷത്തെ സ്പെഷ്യൽ സ്കൂൾ പാക്കേജ് ധനസഹായത്തിനായി 2022 ഒക്ടോബർ 17-ന് പൊതുവിദ്യാഭ്യാസ

ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതുപ്രകാരം ഓൺലൈൻ മുഖേന ലഭ്യമായ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി മുന്നൂറ്റി ഒന്ന് സ്കൂളുകളുടെ പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചു. 2023 ഫെബ്രുവരി 28-ന് കൂടിയ ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി യോഗം പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 2023 മാർച്ച് 8-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രൊപ്പോസൽ പ്രകാരമുള്ള തുക വിതരണം ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരമാണ് പ്രസ്തുത തുക അനുവദിക്കുന്നത്. ഓരോ ഗ്രേഡിലും നിബന്ധനകൾക്ക് അനുസരിച്ച് നിലവിൽ അദ്ധ്യാപകരുടെ അനുവദനീയതയുണ്ട്. അതിനനുസരിച്ചാണ് ഹോണറേറിയം നൽകുന്നത്. സ്പെഷ്യൽ സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങളും, അവർ നൽകുന്ന സേവനങ്ങളും, കുട്ടികളുടെ എണ്ണവും മുൻനിർത്തിയാണ് എ, ബി, സി, ഡി ഗ്രേഡുകൾ നിശ്ചയിച്ച് ഗ്രാന്റ് അനുവദിക്കുന്നത്. നിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള ശ്രമം മാനേജ്മെന്റുകളും കൈക്കൊള്ളേണ്ടതാണ്. മികച്ച നിലവാരമുള്ള സേവനം കുട്ടികൾക്ക് ലഭ്യമാകണം എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

2021-22-ൽ നവംബർ മുതലാണ് ക്ലാസ്സുകൾ ആരംഭിച്ചത്. ആയതിനാൽ 5 മാസത്തേയ്ക്കുള്ള ഓണറേറിയം മാത്രമാണ് അനുവദിച്ചത്. അതാണ് കഴിഞ്ഞ വർഷം ചെലവഴിച്ച തുകയിലുള്ള കുറവ് കാണിക്കുന്നത്.

2021-22-ൽ അനുവദിച്ച തുകയേക്കാളും കൂടുതലാണ് 2022-23 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 45 കോടി രൂപയാണ് 2022-23 വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. ടി 45 കോടി രൂപയിൽനിന്നും മുന്നൂറ്റിയൊന്ന് സ്കൂളുകളിലെ ജീവനക്കാർക്കുള്ള ഓണറേറിയം, കുട്ടികൾക്കുള്ള കണ്ടിജൻസി (ഒരു കുട്ടിക്ക് മുന്നൂറ് (300/-) രൂപ വീതം പന്ത്രണ്ട് മാസത്തേക്ക് മൂവായിരത്തി അറുന്നൂറ് (3600/-) രൂപ, ഡി.ഡി.ആർ.എസ്. സ്കൂളുകൾ ഒഴികെ), 18 വയസ്സിൽ താഴെ പ്രായമുള്ള ഓരോ കുട്ടിക്കും ആയിരത്തി അഞ്ഞൂറ് (1500/-) രൂപ വീതം യൂണിഫോം അലവൻസ്, ഡി.ഡി.ആർ.എസ്. സ്കൂളുകൾ ഒഴികെയുള്ള സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങുന്നതിന് പതിനായിരം (10,000/-) രൂപ, എല്ലാ സ്കൂളുകൾക്കും കളിപ്പാട്ടങ്ങളും തൊഴിൽ പരിശീലന ഉപകരണങ്ങളും വാങ്ങുന്നതിന് ഇരുപതിനായിരം (20,000/-) രൂപ, എല്ലാ സ്കൂളുകൾക്കും കുട്ടികൾക്ക് മെഡിക്കൽ ചെക്ക് അപ്പ് നടത്തുന്നതിന് ആയിരം (1000/-) രൂപ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2022 ആഗസ്റ്റ് 3-ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ സ്കൂളുകൾക്ക് പാക്കേജ് അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളും കാലാനുസൃതമായി പുനഃപരിശോധിച്ച് നിബന്ധനകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2022 ആഗസ്റ്റ് 16 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്.

2019-20 വർഷത്തിന് മുമ്പ് എൻ.ജി.ഒ.-കൾ നടത്തുന്ന സ്കൂളുകൾക്ക് നൽകിയിരുന്ന സംസ്ഥാന സർക്കാർ ധനസഹായത്തിൽനിന്നും എന്തുകൊണ്ടും മെച്ചപ്പെട്ട തുകയാണ് സ്പെഷ്യൽ സ്കൂൾ പാക്കേജിലൂടെ സർക്കാർ ഇപ്പോൾ നൽകുന്നത്. പാക്കേജിന് വേണ്ടിയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ, സാമൂഹ്യനീതി, ആരോഗ്യവകുപ്പുകൾ ചേർന്ന് സ്കൂൾ പരിശോധന നടത്തി ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി കൂടിയാണ് ഈ വിഭാഗം സ്കൂളുകളുടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നത്. കൂടാതെ ടി സ്കൂളുകളിലെ അദ്ധ്യാപകർക്ക് എസ്.സി.ഇ.ആർ.ടി. മുഖേന അക്കാദമിക

പ്രവർത്തനങ്ങൾക്ക് പരിശീലനവും നൽകിവരുന്നു. ഇതിൽക്കൂടി കുട്ടികളുടെ സുരക്ഷയും ഉറപ്പാക്കിവരുന്നു.

## 7. ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ് ) മേശപ്പുറത്തുവച്ച മറുപടി

കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളെ സംബന്ധിച്ചാണ് ശ്രീ. ഇ.ചന്ദ്രശേഖരൻ എം.എൽ.എ-യുടെ സബ്മിഷൻ;

1) കിളിയളം-വരഞ്ഞൂർ റോഡ് അഭിവൃദ്ധിപ്പെടുത്തലും & കിളിയളം പാലത്തിന്റെ പുനർനിർമ്മാണവും.

ഈ പദ്ധതിയിൽ റോഡ് സുരക്ഷാ പ്രവൃത്തികൾ ഒഴികെ ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ഉൾപ്പെടുന്ന കിഴിയളം പാലം പ്രവൃത്തിയുടെ ടെണ്ടർ 18-11-2022-ൽ കൂടിയ ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽ അംഗീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 06-12-2022-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നും Project Execution Document-ന് അംഗീകാരം നേടി Letter of Acceptance നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അത് ലഭ്യമായാൽ ഉടൻ പ്രവൃത്തിയിലേയ്ക്ക് കടക്കാനാകും.

2) ഹൊസ്ദുർഗ്ഗ്-പാണത്തൂർ റോഡ് അഭിവൃദ്ധിപ്പെടുത്തൽ.

ഈ പ്രവൃത്തിയുടെ കരാർ 13-04-2022-ൽ 47.30 കോടി രൂപയ്ക്ക് കരാറുകാരൻ ഏറ്റെടുത്തു. കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതി 23-10-2023 ആണ്. നിലവിൽ പൂടംകല്ല് (Ch.24/000) മുതൽ ചിറങ്കടവ് (Ch. 41/538) വരെയുള്ള കലുങ്കുകളുടെ പാർശ്വസംരക്ഷണ പ്രവൃത്തികൾ ചെയ്തുവരുന്നു. കൂടാതെ പൂടംകല്ല് മുതൽ കള്ളാർ വരെയുള്ള 4.43 കി.മീ. ഫോർമേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ജി.എസ്.ബി. ഇടുന്ന പ്രവൃത്തി ആരംഭിച്ചിട്ടുമുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

3) മലയോര ഹൈവേ കോളിച്ചാൽ-ചെറുപുഴ റോഡ് അഭിവൃദ്ധിപ്പെടുത്തൽ.

ഈ റോഡിൽ വനഭൂമി ഒഴികെ ബാക്കി വരുന്ന 25.61 കി.മീ. ഭാഗത്തെ DGBM പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വനഭൂമിക്ക് രണ്ടാം ഘട്ടം ഫോറസ്റ്റ് ക്ലിയറൻസ് അംഗീകാരം 19-02-2022-ൽ ലഭിച്ചു. ഈ റോഡിലെ കാറ്റാംകവലയിൽ ശക്തമായ കാലവർഷത്തെ തുടർന്ന് സംരക്ഷണഭിത്തിയും റോഡും തകർന്നിരുന്നു. ഇതിന്റെ പുനർനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

4) കോളിച്ചാൽ-ചെറുപുഴ മലയോര ഹൈവേയിലെ വള്ളിക്കടവ് പാലം പുനർനിർമ്മാണം.

കോളിച്ചാൽ-ചെറുപുഴ മലയോര ഹൈവേയിലെ വള്ളിക്കടവ് പാലം പുനർനിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം തുടരുകയാണ്. കിഫ്ബിയുമായി ഇക്കാര്യത്തിൽ തുടർപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

5) നീലേശ്വരം-എടത്തോട് റോഡ് കി.മി. 0/000 മുതൽ 13/125 വരെ അഭിവൃദ്ധിപ്പെടുത്തൽ.

ഈ പ്രവൃത്തി 28-02-2019-ൽ 29.59 കോടി രൂപയ്ക്ക് കരാറുകാരൻ ഏറ്റെടുത്തതാണ്. നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ആകെയുള്ള 13.125. കി.മീ. റോഡിൽ 7.25 കി.മീ. ഭാഗത്തെ DGBM പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 0/000 മുതൽ 1/350 വരെയുള്ള ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 19(1) നോട്ടിഫിക്കേഷൻ 28-05-2022-ൽ പ്രസിദ്ധീകരിച്ചിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ അവാർഡ് ഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കുന്നതിനായി 9.87 കോടി രൂപ ഇതുവരെ നൽകിയിട്ടുണ്ട്.

6) പടന്നക്കാട്-വെള്ളരിക്കുണ്ട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ & പടന്നക്കാട് മേൽപ്പാലം, പുളിക്കൽ, ആനപ്പെട്ടി, ബാനം പാലങ്ങൾ

ഈ പ്രവൃത്തികൾക്ക് 60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടമായി പുളിക്കൽ, ആനപ്പെട്ടി, ബാനം പാലങ്ങൾക്ക് 19-09-2022-ന് 9.37 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പാലങ്ങളുടെ പുനർ നിർമ്മാണത്തിനായുള്ള പ്രവൃത്തിയുടെ ടെണ്ടർ, ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച് നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നും അനുമതി കൂടി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കും. രണ്ടാം ഘട്ടമായി റോഡ് പ്രവൃത്തിയുടെ സാമ്പത്തികാനുമതിക്കുവേണ്ടി പുതിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നെങ്കിലും പാലങ്ങളുടെ പണികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സാമ്പത്തികാനുമതിക്ക് പരിഗണിക്കാം എന്നാണ് അറിയിച്ചിരിക്കുന്നത്.

7) മേക്കാട്-ഏരിക്കുളം റോഡ്

പ്രസ്തുത പ്രവൃത്തിക്ക് 10-07-2017-ൽ 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ട്രാഫിക് വളരെ കുറവാണെന്ന് കണ്ടെത്തിയതിനാലും കിഫ്ബി മാനദണ്ഡപ്രകാരമുള്ള

വീതിയിൽ നവീകരിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാലും സാമ്പത്തിക അനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്. പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് KIFFB-യും KRFB-PMU-യുമായി ചേർന്ന് കൃത്യമായ ഇടവേളകളിൽ പ്രത്യേകയോഗങ്ങൾ ചേരാറുണ്ട്. കാഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ ഉൾപ്പെടെ വേഗത്തിലാക്കാനുള്ള ഇടപെടലുകൾ നടത്താം.

8. ശ്രീമതി ഒ. എസ്. അംബിക എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി

തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പുളിമാത്ത് ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന കടലുകാണി പാറയുടെ ടൂറിസം പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത കേന്ദ്രത്തിന്റെ രണ്ടാംഘട്ട വികസനത്തിനായി 07-09-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം 1,87,09,064/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തിരുവനന്തപുരം ഡി.റ്റി.പി.സി. മുഖേന പദ്ധതി നടപ്പാക്കുന്നതിനാണ് ഉത്തരവായിരുന്നത്. പദ്ധതിയുടെ നിർവഹണ ഏജൻസിയായി ഹിന്ദുസ്ഥാൻ പ്രിഫാബ് ലിമിറ്റഡിനെ ഡി.റ്റി.പി.സി. തെരഞ്ഞെടുക്കുകയും

എജൻസിയുമായി കരാർ ഒപ്പുവെയ്ക്കുകയും ചെയ്തിരുന്നു. നിർവ്വഹണ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് 27-10-2021-ന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. സൈറ്റ് ഡെവലപ്മെന്റ് വർക്കിനോടനുബന്ധിച്ചുള്ള Earth work excavation ഏജൻസി പൂർത്തീകരിച്ചു. എന്നാൽ പദ്ധതി ഏറ്റെടുത്ത കരാറുകാരൻ പദ്ധതിയുമായി മുന്നോട്ടുപോകാൻ താല്പര്യമില്ല എന്നറിയിച്ചതിനാൽ പദ്ധതി തുടർന്ന് നടത്തുവാൻ ഏജൻസിക്ക് കഴിയുകയില്ലെന്നും ഡി.റ്റി.പി.സി.-യുമായി ഏർപ്പെട്ട കരാർ റദ്ദ് ചെയ്യണമെന്നും ഏജൻസി ആവശ്യപ്പെട്ടിരുന്നു. ആയതുപ്രകാരം കരാർ ഡി.റ്റി.പി.സി. റദ്ദ് ചെയ്തിട്ടുള്ളതാണ്. DSR 2016 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. DSR നിരക്കിൽ മാറ്റമുണ്ടായ സാഹചര്യത്തിൽ വകുപ്പിന്റെ മറ്റൊരു എംപാനൽഡ് ഏജൻസിയായ സിൽക്ക് ലിമിറ്റഡിനോട് ഡി.എസ്.ആർ. 2018 പ്രകാരം ഈ പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുംവിധം പദ്ധതി രൂപരേഖയും എസ്റ്റിമേറ്റും തയ്യറാക്കി നൽകുവാൻ ഡി.റ്റി.പി.സി. നിർദ്ദേശം നൽകിയിട്ടുണ്ട്. M/s SILK ലിമിറ്റഡ് പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. ആയത് ലഭിച്ചാലുടനെ തുടർ നടപടി സ്വീകരിക്കുന്നതാണ്.

9. ശ്രീമതി യു. പ്രതിഭ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി

വളരെ ഗൗരവമേറിയൊരു വിഷയമാണ് ശ്രീമതി യു. പ്രതിഭ എം.എൽ.എ. ഉന്നയിച്ചിരിക്കുന്നത്. കായംകുളം മണ്ഡലത്തിലെ ഹൗസ് ബോട്ട് ടെർമിനലിൽ അഡ്വഞ്ചർ ടൂറിസം പദ്ധതിക്ക് 2017-ൽ അനുമതി നൽകിയതാണ്. 2020-ൽ പുതുക്കിയ അനുമതിയും നൽകുകയുണ്ടായി. എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതിനെ തുടർന്ന് ഭരണാനുമതി 30.09.2022-ൽ റദ്ദാക്കുകയാണ് ചെയ്തത്.

ടൂറിസം വകുപ്പിൽ ചിലയിടങ്ങളിൽ പദ്ധതികൾക്ക് രൂപം നൽകുകയും ഭരണാനുമതി നൽകുകയും എന്നാൽ പ്രവൃത്തി ആരംഭിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത ഉണ്ടായിരുന്നു. പ്രവൃത്തികളുടെ വിലയിരുത്തലിന്റെ സമയത്താണ് ഈ തെറ്റായ പ്രവണത കണ്ടെത്തിയത്. ഇതനുസരിച്ച് ഇത്തരത്തിലുള്ള പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാക്കാനും അവർക്ക് നൽകിയിരുന്ന പണം തിരികെ പിടിക്കാനും നിർദ്ദേശിച്ചിരുന്നു. 19 പദ്ധതികളുടെ ഭരണാനുമതി ഇത്തരത്തിൽ റദ്ദാക്കുകയുണ്ടായി. ഈ പ്രവണത അംഗീകരിക്കാനാകില്ല എന്നാണ് സർക്കാരിന്റെ നയം. ഈ പദ്ധതി റദ്ദാക്കിയശേഷം ഭരണാനുമതി നീട്ടിനൽകണമെന്നും മറ്റൊരു

ഏജൻസിയെ പ്രവൃത്തി ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. കത്ത് നൽകിയിരുന്നു. പുതിയ പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശവും നൽകിയിരുന്നു.

ഇപ്പോൾ ഈ ഭൂമിയിലെ ഒരേക്കർ സ്ഥലത്ത് വിനോദസഞ്ചാര കേന്ദ്രം/അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കാൻ പുതുക്കിയ താത്പര്യപത്രം ക്ഷണിക്കുകയും ഓണാട്ടുകര ടൂറിസം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. Pedal Boating and Kayaking, Carnival Games, Adventure and amusement rides, Playground equipments. Snack Bar and coffee shops, Toilet Block, Restaurant തുടങ്ങിയവ അവിടെ സ്ഥാപിക്കാനാണ് ഇപ്പോഴത്തെ താത്പര്യപത്രപ്രകാരം തീരുമാനിച്ചിരിക്കുന്നത്.

ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ആലോചിച്ച് അവിടെ നടപ്പാക്കേണ്ട മറ്റ് പദ്ധതികളെ സംബന്ധിച്ച് തീരുമാനമെടുക്കാൻ ജില്ലയിലെ ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാം. ടൂറിസം മേഖലയിലെ ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്യും. തുടർച്ചയായി വീഴ്ചകൾ ഉണ്ടാക്കുന്നവർക്കെതിരെ കർശനനടപടികൾതന്നെ സ്വീകരിച്ച്

മുന്നോട്ടുപോകും.

## 10. ശ്രീ. വി. ജോയി എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) മേശപ്പുറത്തുവച്ച മറുപടി

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ യോഗാ പ്രകൃതി ചികിത്സാ രീതി മാത്രം ലഭ്യമാക്കുന്ന ഏക ആശുപത്രിയാണ് തിരുവനന്തപുരം ജില്ലയിലെ വർക്കല സർക്കാർ യോഗ & നാച്യുറോപ്പതി ആശുപതി. 50 കിടക്കകളാണ് ഈ സ്ഥാപനത്തിൽ അനുവദിച്ചിട്ടുള്ളത്. ഇതിനു പുറമെ 24 പേ വാർഡുകളും നിലവിലുണ്ട്. 100 രോഗികളെ വരെ കിടത്തി ചികിത്സിക്കാനുള്ള കെട്ടിട സൗകര്യം നിലവിലുണ്ട്. ജീവിതശൈലി രോഗങ്ങൾക്കുൾപ്പെടെ നിരവധി രോഗങ്ങൾക്ക് യോഗയിലൂടെയും പ്രകൃതി ചികിത്സയിലൂടെയും ഫലപ്രദമായ ചികിത്സ ഈ സ്ഥാപനത്തിലെ ഐ.പി., ഒ.പി. വിഭാഗങ്ങളിൽനിന്നും നൽകിവരുന്നുണ്ട്. പ്രതിവർഷം ശരാശരി 2800 പേർക്ക് കിടത്തി ചികിത്സയും 18000 പേർക്ക് ഒ.പി. ചികിത്സയും നൽകിവരുന്നു. നിരവധി വിദേശ വിനോദ സഞ്ചാരികളും സ്ഥാപനത്തിലെ ഒ.പി. വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിന്റെ 18 സ്ഥിരം ജീവനക്കാരും (ആശുപത്രി സൂപ്രണ്ട്-1, സീനിയർ സ്പെഷ്യലിസ്റ്റ്-1 , മെഡിക്കൽ ഓഫീസർ-1, സീനിയർ

ക്ലാർക്ക്-1, നഴ്സ്-7, നഴ്സിംഗ് അസിസ്റ്റന്റ്-3, സാനിറ്റേഷൻ വർക്കർ-2, കുക്ക്-1, പാർട്ട് ടൈം സ്വീപ്പർ-1) നാഷണൽ ആയുഷ് മിഷൻ മുഖേന 8 കരാർ ജീവനക്കാരും (മെഡിക്കൽ ഓഫീസർ -3, യോഗ ഡെമോൺസ്ട്രേറ്റർ-2, മൾട്ടി പർപ്പസ് വർക്കർ-1, കുക്ക് അസിസ്റ്റന്റ്-1, നഴ്സിംഗ് അസിസ്റ്റന്റ്-1) ആശുപത്രി വികസന സമിതി മുഖേന 13 താത്കാലിക ജീവനക്കാരും (മെഡിക്കൽ ഓഫീസർ-1, റിസപ്ഷനിസ്റ്റ്-1, ലാബ് ടെക്നീഷ്യൻ-1, നഴ്സിംഗ് അസിസ്റ്റന്റ്-2, ഡി.റ്റി.പി./ഡാറ്റാ എൻട്രി ഓപ്പറേറ്റർ-1, സാനിറ്റേഷൻ വർക്കർ-5, സെക്യൂരിറ്റി-2) ഉൾപ്പെടെ 39 പേർ സ്ഥാപനത്തിൽ ജോലിചെയ്തുവരുന്നു.

വിദേശീയരും തദ്ദേശീയരുമായ വിനോദ സഞ്ചാരികളുടെ വളരെ പ്രിയപ്പെട്ട ടൂറിസം കേന്ദ്രമായ വർക്കലയിലെ പാപനാശം കടലോരത്തുള്ള 1.784 ഹെക്ടർ ഭൂമിയിലാണ് സ്ഥാപനം സ്ഥിതി ചെയ്യുന്നത്. യോഗ, ആഹാര ക്രമീകരണം എന്നിവ സമന്വയിപ്പിച്ച് പ്രകൃതിവിഭവങ്ങളാൽ അസുഖം ഭേദമാക്കുന്ന ചികിത്സാരീതിയാണ് പ്രകൃതി ചികിത്സ. ഈ ചികിത്സാരീതിക്ക് ആരോഗ്യ ടൂറിസത്തിൽ അനന്ത സാധ്യതകളുണ്ട്. ആയുഷ് മെഡിക്കൽ വാല്യൂ ടൂറിസം സംബന്ധിച്ച പദ്ധതിയുടെ രൂപരേഖ വകുപ്പ് തയ്യാറാക്കിവരുന്നു. അന്താരാഷ്ട്ര തലത്തിൽ വിദേശികളെ അടക്കം ചികിത്സിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

NABH അക്രഡിറ്റേഷൻ ഉണ്ടായിരിക്കണം എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട നിബന്ധന. കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മെഡിക്കൽ വാല്യൂ ട്രാവൽ പരിപാടിയുടെ ഭാഗമായി HEAL IN INDIA പദ്ധതിയിൽ ഈ സ്ഥാപനത്തെ ഉൾപെടുത്തുന്നതുവഴി വിദേശ വിനോദ സഞ്ചാരികൾക്ക് ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് അവരുടെ യാത്ര ഷെഡ്യൂൾ ചെയ്ത് ചികിത്സ ലഭ്യമാക്കുന്നതിന് സാധിക്കും. കേരളത്തെ ഹെൽത്ത് ഹബ്ബാക്കി വികസിപ്പിക്കുന്നതിനുള്ള സർക്കാർ നയത്തിനനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ ആയുഷ് മേഖലയിൽ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത ആശുപതിയാണ് ഇത്. ആയുഷ് മെഡിക്കൽ വാല്യൂ ടൂറിസം പദ്ധതിയുടെ ഭാഗമാക്കി ഈ ആശുപത്രിയെ വികസിപ്പിക്കുന്നതിനും NABH അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിനുമുള്ള രൂപരേഖ നാഷണൽ ആയുഷ് മിഷൻ തയ്യാറാക്കി വരുന്നു. ആരോഗ്യ ടൂറിസത്തിന്റെ ഭാഗമായി ഈ സ്ഥാപനത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കി വിദേശികളായ വിനോദ സഞ്ചാരികൾക്കടക്കം പ്രകൃതി ചികിത്സാ രീതി ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

****